# പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4562

17 .12.2014 -ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ അന്യായമായ ഫണ്ട് വിനിയോഗം**

| ചോദ്യം<br>**ശ്രീ. വി.പി.സജീന്ദ്രൻ** | ഉത്തരം<br>**ശ്രീ.എ.പി അനിൽകുമാർ**<br>(പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പട്ടികജാതി / പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, പട്ടികജാതി വകുപ്പ് നൽകുന്ന ഫണ്ടുകൾ പട്ടികജാതിക്കാർക്ക് നൽകാതെ വകമാറ്റി ചെലവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചു വരുന്നു. |
| (ബി) 2013-2014 വർഷത്തിൽ ഫെഡറേഷന് പട്ടികജാതി വികസന വകുപ്പ് നൽകിയ 2 കോടി രൂപയിൽ ഒരു രൂപ പോലും പട്ടിക ജാതി /പട്ടിക വർഗ്ഗക്കാർക്ക് നൽകാത്തതിനെതിരെ ബഹു. ഹൈക്കോടതിയിൽ പട്ടികജാതിക്കാർ കേസ് നൽകുകയും ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഫണ്ട് വിനിയോഗം സ്റ്റേ ചെയ്തവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അയതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | (ബി) 2013-2014 ൽ ഫെഡറേഷന് 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ബഹു.ഹൈക്കോടതി ഫണ്ട് വിനിയോഗം സ്റ്റേ ചെയ്തതിനാൽ 60 ലക്ഷം രൂപ മാത്രമേ ചെലവഴിക്കുകയുണ്ടായുള്ളൂ. ശ്രീ. ഏഴിയിൽ സജീവ് ഫയൽ ചെയ്ത വ്യവഹാരത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Bal. K.J

സെക്ഷൻ ഓഫീസർ